പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത | 04.12.2018-ൽ |
| നിയമസഭാ ചോദ്യം നം. 1683 | മറുപടിക്ക് |

## ത്രിതലപഞ്ചായത്തുകൾക്ക് പദ്ധതി വിഹിതം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സി.ജോസഫ് | ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| എ) 2018-19 സാമ്പത്തികവർഷം പദ്ധതി വിഹിതമായി ത്രിതലപഞ്ചായത്തുകൾക്ക് എത്ര രൂപയാണ് നീക്കിവെച്ചിട്ടുള്ളതെന്നും ഇത് മൊത്തം പദ്ധതിയുടെ എത്ര ശതമാനമാണെന്നും വെളിപ്പെടുത്തുമോ; | എ) 2018-19 സാമ്പത്തികവർഷം പദ്ധതി വിഹിതമായി ത്രിതല പഞ്ചായത്തുകൾക്ക് നീക്കിവെച്ചിട്ടുള്ള തുകയും മൊത്തം പദ്ധതിയുടെ എത്ര ശതമാനമാണെന്ന കണക്കും ചുവടെ ചേർക്കുന്നു.<br>ഗ്രാമപഞ്ചായത്തുകൾ - 3310.56 കോടി (11.36%)<br>ജില്ലാ പഞ്ചായത്തുകൾ - 892 .21 കോടി (3.06%)<br>ബ്ലോക്ക് പഞ്ചായത്തുകൾ - 893.47 കോടി (3.07%) |
| ബി) പ്രളയത്തെ തുടർന്ന് പദ്ധതി വിഹിതത്തിൽ എന്തെങ്കിലും കുറവ് വരുത്തിയിട്ടുണ്ടോ, ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | ബി) പ്രളയത്തെ തുടർന്ന് ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതത്തിൽ കുറവ് വരുത്തിയിട്ടില്ല. |
| സി) 2018 നവംബർ 15 വരെ ത്രിതലപഞ്ചായത്തിന്റെ പ്ലാൻ ഫണ്ടിൽ എത്ര രൂപ അനുവദിച്ച് നൽകിയെന്നും ഈ സാമ്പത്തിക വർഷം ഇതു വരെ ഓരോ പദ്ധതിക്കായുള്ള ചെലവ് എത്ര ശതമാനമാണെന്നും വെളിപ്പെടുത്തുമോ? | സി) 2018 നവംബർ 15 വരെ ത്രിതല പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടിൽ അനുവദിച്ച തുക ചുവടെ ചേർക്കുന്നു<br>ഗ്രാമപഞ്ചായത്തുകൾ - 1677.73 കോടി<br>ജില്ലാ പഞ്ചായത്തുകൾ - 596.81 കോടി<br>ബ്ലോക്ക് പഞ്ചായത്തുകൾ - 594.21 കോടി<br>2018 നവംബർ 15 വരെ ത്രിതല പഞ്ചായത്തിന്റെ പദ്ധതി ചെലവ് ശതമാനം<br>ഗ്രാമപഞ്ചായത്തുകൾ - 45.39%<br>ജില്ലാ പഞ്ചായത്തുകൾ - 43.24%<br>ബ്ലോക്ക് പഞ്ചായത്തുകൾ - 44.30% |

സെക്ഷൻ ഓഫീസർ